* 2003-ലെ കേന്ദ്ര സിഗരറ്റും മറ്റു പുകയില ഉൽപ്പന്നങ്ങളുടെയും പരസ്യ നിരോധനവും വാണിജ്യ വ്യാപാര ഉൽപ്പാദന സംവരണ വിതരണ നിയന്ത്രണ ആക്ട് 2004 മേയ് ഒന്നു മുതൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പുകയില ഉൽപ്പന്നങ്ങളുടെ പരസ്യങ്ങളുടെ മേൽ ടി ആക്ട് നിലവിൽ വന്ന തീയതി മുതൽ കർശനമായ നിയന്ത്രണങ്ങൾ നടപ്പിലായിട്ടുണ്ട്.

സിദ്ധവൈദ്യത്തിന് അംഗീകാരവും രജിസ്ട്രേഷനും

* 14 [164] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ചികിത്സാ സമ്പ്രദായമായ സിദ്ധവൈദ്യം അനുസരിച്ച് ചികിത്സാമുറകൾ നടത്തി വരുന്നവർക്ക് മതിയായ അംഗീകാരവും രജിസ്ട്രേഷനും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പല മാരക രോഗങ്ങൾക്കും ഉത്തമ പ്രതിവിധികളുള്ള സിദ്ധവൈദ്യത്തിലെ മരുന്നുകൾ നിർമ്മിച്ചു വിപണനം നൽകുവാൻ നടപടി കൈക്കൊള്ളുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) പരമ്പരാഗത ചികിത്സാ സമ്പ്രദായമായ സിദ്ധവൈദ്യം അനുസരിച്ച് ചികിത്സാമുറകൾ നടത്തി വരുന്നവർക്ക് മതിയായ അംഗീകാരവും രജിസ്ട്രേഷനും നൽകാൻ ഇപ്പോൾ നിയമത്തിൽ വ്യവസ്ഥയില്ല. ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് സിദ്ധവൈദ്യ കോഴ്സുകൾ പാസ്സാകുന്നവർക്കുമാത്രമേ ഇപ്പോൾ രജിസ്ട്രേഷൻ നൽകിവരുന്നുള്ളൂ.

(ബി) ഇക്കാര്യം സർക്കാർ ആലോചനയിലില്ല.

ദാരിദ്ര്യരേഖ കണക്കാക്കിയതിലെ അപാകത

* 15 [165] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ദാരിദ്ര്യരേഖ കണക്കാക്കിയതിലെ അപാകത പരിഹരിക്കുന്നതിന് ദാരിദ്ര്യരേഖ പുനഃനിർണ്ണയം ചെയ്യുവാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇല്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly